**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207** | **13-02-2024 - ൽ മറുപടിയ്ക്ക്**

**നിതി ആയോഗിന്റെ വെളിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട ഫണ്ട് വെട്ടിക്കുറയ്ക്കാൻ കേന്ദ്ര സർക്കാർ രഹസ്യനീക്കം നടത്തിയതായുള്ള നിതി ആയോഗ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ വെളിപ്പെടുത്തൽ സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന കേന്ദ്ര നികുതിയിൽ നിന്നും സംസ്ഥാനങ്ങൾക്കായി വീതിച്ച നൽകേണ്ട വിഹിതം സംബന്ധിച്ച് സ്വതന്ത്രമായും നീതിയുക്തമായും വിവേചനരഹിതവുമായും തീരുമാനിക്കുന്നതിനായി ഭരണഘടനാപ്രകാരം നിയമിക്കുന്ന ധനകാര്യ കമ്മീഷനുമേൽ ബാഹ്യ സമ്മർദ്ദം ചെലുത്തുന്ന സാഹചര്യം അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. വാർത്ത ശരിയാണെങ്കിൽ ഇത് ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള ഫെഡറൽ തത്ത്വങ്ങളുടെ അന്തസത്തയ്ക്ക് നിരക്കുന്ന പ്രവൃത്തിയല്ല. |
| (ബി) | സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നിതി ആയോഗിന്റെ സൂചിക പ്രകാരം ഒന്നാം സ്ഥാനത്തെത്തിയിട്ടുള്ള കേരളത്തിന് അർഹിക്കുന്ന നികുതി വിഹിതം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നിതി ആയോഗിന്റെ സൂചിക<br>പ്രകാരം ഒന്നാം സ്ഥാനത്തെത്തിയിട്ടുള്ള കേരളത്തിന് അർഹിക്കുന്ന നികുതി വിഹിതം ലഭിക്കുന്നില്ല എന്നാണ് സംസ്ഥാന സർക്കാർ<br>വിലയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും വരുന്നത്. |
| (സി) | സാമ്പത്തിക കാര്യങ്ങളിൽ കേന്ദ്രസർക്കാർ നിരന്തരമായി അവഗണിക്കുന്ന സാഹചര്യം നേരിടാൻ സംസ്ഥാനം സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിൽ നിന്നും ന്യായം ലഭിക്കുന്നതുവരെ കാത്തിരിക്കാനല്ല, മറിച്ച് സംസ്ഥാനത്തിന്റെ സാധ്യതകളാകെ ഉപയോഗിച്ച് പൊതു-സ്വകാര്യ മൂലധന നിക്ഷേപം ശക്തിപ്പെടുത്തി, പദ്ധതികൾ |

| | | | |
|---|---|---|---|
| | | | അതിവേഗം നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്. ഇതുവരെ ചെയ്തുവന്നിരുന്ന മാതൃകകളും രീതികളും ശക്തിപ്പെടുത്തുന്നതോടൊപ്പം വ്യത്യസ്തമായതും വേഗതയേറിയതുമായ Out of the Box പദ്ധതി മാതൃകകൾ സ്വീകരിക്കും. ചുരുങ്ങിയ കാലത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതുമായ മേഖലകൾ ഇടക്കാല ദീർഘകാല പദ്ധതികൾ എന്നിങ്ങനെയുള്ളവ രൂപപ്പെടുത്തി പ്രവർത്തനം നടപ്പിലാക്കാനാണ് ആലോചിക്കുന്നത്. ഇതോടൊപ്പം ഇക്കാര്യത്തിൽ നീതി ലഭിക്കുന്നതിനായി സുപ്രീം കോടതിയെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

സംസ്ഥാനങ്ങൾക്കുള്ള ധനവിഹിതം വെട്ടിക്കുറയ്ക്കുവാൻ കേന്ദ്രസർക്കാർ 14-ാം ധനകാര്യ കമ്മീഷനുമായി ചർച്ചകൾ നടത്തിയിരുന്നു എന്ന് സെന്റർ ഫോർ സോഷ്യൽ ആന്റ് ഇക്കണോമിക് പ്രോഗ്രസ് ഇന്ത്യയിലെ സാമ്പത്തിക റിപ്പോർട്ടിംഗിനെക്കുറിച്ച് സംഘടിപ്പിച്ച സെമിനാറിൽ നീതി ആയോഗ് സി.ഇ.ഒ. പരാമർശം നടത്തിയതായുള്ള മാധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജൂലൈ മാസത്തിൽ നടത്തിയ ഒരു സെമിനാറിലാണ് ഈ വെളിപ്പെടുത്തൽ ഉണ്ടായതെന്നാണ് വാർത്ത.

പ്രസ്തുത വാർത്ത ശരിയാണെങ്കിൽ ഭരണഘടനയിൽ വിഭാവനം ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കായി വീതം വച്ച് നൽകേണ്ട നികുതി വിഹിതം കുറയ്ക്കണമെന്ന് ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുന്നത് അത്യന്തം ഗൗരവമേറിയ കാര്യമാണ്. സംസ്ഥാനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന കേന്ദ്ര നികുതിയിൽ നിന്നും സംസ്ഥാനങ്ങൾക്കായി വീതിച്ച് നൽകേണ്ട വിഹിതം സംബന്ധിച്ച് സ്വതന്ത്രമായും നീതിയുക്തമായും വിവേചനരഹിതവുമായും തീരുമാനിക്കുന്നതിനായി ഭരണഘടനാപ്രകാരം നിയമിക്കുന്ന ധനകാര്യ കമ്മീഷനുമേൽ ബാഹ്യ സമ്മർദ്ദം ചെലുത്തുന്ന സാഹചര്യം അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഈ പ്രവൃത്തി ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള ഫെഡറൽ തത്ത്വങ്ങളുടെ അന്തഃസത്തയ്ക്ക് നിരക്കുന്നതല്ല.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 280, 281 എന്നിവ പ്രകാരമാണ് ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കുന്നതും കമ്മീഷന്റെ റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട് പാർലമെന്റിന്റെ ഇരുസഭകളിലും സമർപ്പിക്കുന്നത്. കേന്ദ്രവും സംസ്ഥാനങ്ങളുമായി ധനം വീതം വയ്ക്കുന്നതിനുള്ള വ്യവസ്ഥയുടെ അന്തിമവാക്കായി ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നതും സ്വതന്ത്രമായി പ്രവർത്തിക്കേണ്ടതുമായ കമ്മീഷനുമേൽ മാധ്യമ വാർത്തയിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ അടിച്ചേൽപ്പിക്കുന്നത് ഭരണഘടനാനുസൃതമല്ല.

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നിതി ആയോഗിന്റെ സൂചിക പ്രകാരം ഒന്നാം സ്ഥാനത്തെത്തിയിട്ടുള്ള കേരളത്തിന് അർഹിക്കുന്ന നികുതി വിഹിതം ലഭിക്കുന്നില്ല എന്നാണ് സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഡിവിസിബിൾ പൂളിൽ നിന്നും

പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു നികുതി വിഹിതമായി ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും വരുന്നത്.

കേന്ദ്ര സർക്കാരിന്റെ ശത്രുതാപരമായ സമീപനം സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. നമ്മുടെ നേട്ടങ്ങളെയും പുരോഗതികളെയും മുന്നോട്ട് കൊണ്ടുപോകാനും നവകേരളം സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങളിലെ കേരളീയരെയാകെ ഒറ്റ മനസ്സോടെ അണിനിരത്തുന്നതിന് സർക്കാർ നേതൃത്വം നൽകും. നിയമപരമായും ഭരണഘടനാപരമായും അർഹമായ മുഴുവൻ അവകാശങ്ങളും സഹകരണ ഫെഡറലിസത്തിലൂന്നി നിന്നുകൊണ്ടുള്ള ശക്തമായ പ്രവർത്തനത്തിലൂടെ നേടിയെടുക്കാൻ ശ്രമിക്കുന്നതാണ്.

കേന്ദ്ര സർക്കാരിൽ നിന്നും ന്യായം ലഭിക്കുന്നതുവരെ കാത്തിരിക്കാനല്ല, മറിച്ച് സംസ്ഥാനത്തിന്റെ സാധ്യതകളാകെ ഉപയോഗിച്ച് പൊതു-സ്വകാര്യ മൂലധന നിക്ഷേപം ശക്തിപ്പെടുത്തി, പദ്ധതികൾ അതിവേഗം നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്. ഇതുവരെ ചെയ്തുവന്നിരുന്ന മാതൃകകളും രീതികളും ശക്തിപ്പെടുത്തുന്നതോടൊപ്പം വ്യത്യസ്തമായതും വേഗതയേറിയതുമായ Out of the Box പദ്ധതി മാതൃകകൾ സ്വീകരിക്കും. ചുരുങ്ങിയ കാലത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതുമായ മേഖലകൾ ഇടക്കാല ദീർഘകാല പദ്ധതികൾ എന്നിങ്ങനെയുള്ളവ രൂപപ്പെടുത്തി പ്രവർത്തനം നടപ്പിലാക്കാനാണ് ആലോചിക്കുന്നത്. ഇതോടൊപ്പം ഇക്കാര്യത്തിൽ നീതി ലഭിക്കുന്നതിനായി സുപ്രീം കോടതിയെ സമീപിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**